## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6057** **19/11/2019 ൽ മറുപടിക്ക്**

## ശബരിമല സന്നിധാനത്തിലേക്ക് റോപ്പ് വേ നിർമ്മാണം

**ചോദ്യം** | **മറുപടി**

**ശ്രീ.രാജു എബ്രഹാം** | **കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ശബരിമല സന്നിധാനത്തിലേക്ക് അവശ്യസാധനങ്ങൾ എത്തിക്കുന്നതിനായി റോപ്പ് വേ നിർമ്മിക്കുന്ന നടപടികൾ ഏത് ഘട്ടം വരെയായി; ഇതിന്റെ റൂട്ട് നിശ്ചയിച്ചിട്ടുണ്ടോ; എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുക; എന്ന് നിർമ്മാണം ആരംഭിക്കാനാകും; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ശബരിമല സന്നിധാനത്തേയ്ക്ക് റോപ്പ് വേ നിർമ്മിക്കുന്നതിനുള്ള ജോയിന്റ് സർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വേയിൽ ലോവർ ടെർമിനൽ പോയിന്റിലും അപ്പർ ടെർമിനൽ പോയിന്റിലും ആവശ്യമായ സ്ഥലം ഉള്ളതായി കണ്ടെത്തിയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയും. പമ്പ ഹിൽ ടോപ്പിൽ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സബ് സ്റ്റേഷന്റെ സമീപത്ത് നിന്നും മാളികപ്പുറം ക്ഷേത്രത്തിന് പിൻഭാഗത്ത് വരെ എത്തുന്ന രീതിയിലാണ്. ആർ.ഐ.റ്റി.ഇ.എസ് എന്ന സ്ഥാപനത്തിന്റെ പഠന റിപ്പോർട്ട് പ്രകാരം റൂട്ട് നിശ്ചയിച്ചിട്ടുള്ളത്. എഗ്രിമെന്റ് പ്രകാരം ഷെയർ ബേസിലാണ് റോപ്പ് വേ നിർമ്മാണം നടത്തുന്നത് ആയതിനാൽ പ്രത്യേകം ചെലവുകൾ ഇല്ല. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നിർമ്മാണത്തിന് എത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും എന്ന് നിർമ്മാണം പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ; | (ബി) | എയിറ്റീന്ത് സ്റ്റെപ്പ് ദാമോദർ കാർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്കാണ് കരാർ നൽകിയിട്ടുള്ളത്. നിർമ്മാണം ആരംഭിച്ച് 24 മാസത്തിനകം ജോലികൾ പൂർത്തീകരിച്ച് റോപ്പ് വേ പ്രവർത്തിപ്പിക്കുവാൻ കഴിയും എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (സി) | റോപ്പ് വേ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | നിലവിൽ തടസ്സങ്ങളില്ല. |

സെക്ഷൻ ഓഫീസർ